## കുവൈത്തിന്റെ പരമോന്നത ദേശീയ പുരസ്ക്കാരം പ്രധാനമന്ത്രിക്ക് സമ്മാനിച്ചു

ഡിസംബർ 22, 2024

കുവൈത്ത് അമീർ സമാദരണീയനായ ഷെയ്ക്ക് മെഷാൽ അൽ-അഹമ്മദ് അൽ-ജാബർ അൽ-സബാഹ് കുവൈത്തിന്റെ പരമോന്നത ദേശീയ പുരസ്ക്കാരമായ ഓർഡർ ഓഫ് മുബാറക് അൽ-കബീർ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിക്ക് സമ്മാനിച്ചു.  കുവൈത്തിന്റെ പ്രധാനമന്ത്രി സമാദരണീയനായ ഷെയ്ഖ് അഹമ്മദ് അൽ-അബ്ദുള്ള അൽ-അഹമ്മദ് അൽ-സബായും ഈ സന്ദർഭത്തിൽ സന്നിഹിതനായിരുന്നു.

2.ഇന്ത്യയും കുവൈത്തും തമ്മിൽ ദീർഘകാലമായി നിലനിൽക്കുന്ന സൗഹൃദത്തിനും, കുവൈത്തിലെ ഇന്ത്യൻ സമൂഹത്തിനും, ഇന്ത്യയിലെ 1.4 ബില്യൺ ജനങ്ങൾക്കും വേണ്ടി പ്രധാനമന്ത്രി ഈ പുരസ്ക്കാരം സമർപ്പിച്ചു.

3.43 വർഷത്തിന് ശേഷം കുവൈത്തിലേക്കുള്ള ഇന്ത്യൻ പ്രധാനമന്ത്രിയുടെ ചരിത്രപരമായ സന്ദർശന വേളയിൽ പുരസ്ക്കാരം സമ്മാനിച്ചതിന് സവിശേഷമായ പ്രാധാന്യമുണ്ട്.

4. 1974 ലാണ് ഈ അവാർഡ് ആരംഭിച്ചത്, അതിനുശേഷം തിരഞ്ഞെടുക്കപ്പെടുന്ന ആഗോള നേതാക്കൾക്കാണ് ഈ അവാർഡ് നൽകി വരുന്നത്.

**കുവൈത്ത്**

**ഡിസംബർ 22, 2024**